## മധുരമായ കുട്ടികളേ - തന്റെ ഉന്നതിക്കു വേണ്ടി ദിവസവും കണക്കെടുക്കൂ, മുഴുവൻ ദിവസവും തന്റെ പെരുമാറ്റം എങ്ങനെയുള്ളതായിരുന്നു, പരിശോധിക്കൂ യജ്ഞത്തെപ്രതി സത്യസന്ധരായി ഇരിക്കുന്നുണ്ടോ?

**ചോദ്യം:-** ഏതെല്ലാം കുട്ടികളെ പ്രതിയാണ് ബാബയ്ക്ക് വളരെയധികം ബഹുമാനമുള്ളത്? ആ ബഹുമാനത്തിന്റെ അടയാളമെന്താണ്?
**ഉത്തരം:-** ഏത് കുട്ടികളാണോ ബാബയോടോപ്പം സത്യമായിരിക്കുന്നത് യജ്ഞത്തെ പ്രതി വിശ്വസ്തരായിരിക്കുന്നത്, ഒന്നും തന്നെ ഒളിയ്ക്കാത്തത്, അങ്ങനെയുള്ള കുട്ടികളെ പ്രതി ബാബയ്ക്ക് വളരെയധികം ബഹുമാനമാണ്. ബഹുമാനം കാരണം അവർക്ക് പാലന നൽകി അവരെ ഉയർത്തുന്നു. സേവനത്തിനായി പറഞ്ഞയക്കുന്നു. കുട്ടികൾക്ക് സത്യം കേൾപ്പിച്ച് ശ്രീമതം നേടാനുള്ള വിവേകം ആവശ്യമാണ്.

**ഗീതം:-** സഭയിൽ തെളിഞ്ഞ ദീപം...

**ഓം ശാന്തി**. ഈ ഗീതം തെറ്റാണ് കാരണം നിങ്ങൾ ആത്മാക്കൾ വിളക്കല്ല (ദീപം). ആത്മാവിനെ വാസ്തവത്തിൽ ദീപം എന്നു പറയില്ല. ഭക്തർ അനേക പേരുകളാണ് വെച്ചിരിക്കുന്നത്. അതുകൊണ്ട് പറയുന്നു നേതി-നേതി, ഞങ്ങൾക്കറിയില്ല, നാസ്തികരാണ്. എന്ത് കേൾക്കുന്നുവോ അത് പറയുന്നു. ബ്രഹ്മം, ദീപം, കല്ല്, മുള്ള് ഇതെല്ലാം പരമാത്മാവാണെന്ന് പറയുന്നു. കാരണം ഭക്തീമാർഗ്ഗത്തിൽ ആർക്കും തന്നെ ബാബയെ യഥാർത്ഥ രീതിയിൽ തിരിച്ചറിയാൻ സാധിക്കില്ല. ബാബയ്ക്കു തന്നെ വന്ന് തന്റെ പരിചയം നൽകണം. ശാസ്ത്രത്തിൽ പോലും ബാബയുടെ പരിചയം ഇല്ല. അതുകൊണ്ടാണ് അവരെ നാസ്തികർ എന്നു പറയുന്നത്. ഇപ്പോൾ കുട്ടികൾക്ക് ബാബ പരിചയം നൽകി, എന്നാൽ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ ഇത് ബുദ്ധിയുടെ ജോലിയാണ്. ഈ സമയം എല്ലാവരും കല്ലു ബുദ്ധികളാണ്. ആത്മാവിലാണ് ബുദ്ധിയുള്ളത്. കർമ്മത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും ആത്മാവിന്റെ ബുദ്ധി പവിഴമാണോ കല്ലാണോ? മുഴുവൻ ആധാരവും ആത്മാവിലാണ്. മനുഷ്യർ പറയുന്നു- ആത്മാവ് തന്നെയാണ് പരമാത്മാവ്, ആത്മാവ് നിർലേപമാണ്. മനുഷ്യരായിട്ടും പിതാവിനെ അറിയുന്നില്ല. ബാബ പറയുന്നു മായാ രാവണൻ എല്ലാവരെയും കല്ലുബുദ്ധികളാക്കി മാറ്റിയിരിക്കുന്നു. ഓരോ ദിവസം കൂടുന്തോറും കുടുതൽ തമോപ്രധാനമായിത്തീരുന്നു. മായ വളരെയധികം ശക്തിശാലിയാണ്, ഉയരാൻ അനുവദിക്കുന്നില്ല കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് രാത്രിയിൽ മുഴുവൻ ദിവസത്തെയും കണക്ക് പരിശോധിക്കൂ- എന്തെല്ലാമാണ് ചെയ്തത്? ഞാൻ ദേവതയെപ്പോലെയാണോ ഭക്ഷണം കഴിച്ചത്? നിയമം അനുസരിച്ചുള്ള പെരുമാറ്റമായിന്നോ അതോ അനാഥനെപ്പോലെയാണോ പെരുമാറിയത്? ദിവസേന തന്റെ കണക്ക് പരിശോധിക്കുന്നില്ല എങ്കിൽ ഒരിക്കലും തന്റെ ഉന്നതി ഉണ്ടാവുകയില്ല. വളരെയധികം മായയുടെ അടി ഏൽക്കുന്നുണ്ട്. എഴുതാറുണ്ട് ഇന്ന് എന്റെ ബുദ്ധിയോഗം ഇന്നാളുടെ പേരിലും രൂപത്തിലും പോയി, ഇന്ന് ഈ പാപകർമ്മം ചെയ്തു. ഇങ്ങനെ സത്യം തുറന്നെഴുതുന്നവർ കോടിയിൽ ചിലർ മാത്രമാണ്. ബാബ പറയുന്നു ഞാൻ എന്താണ് എങ്ങനെയാണ് എന്നുള്ളത് ആരും തന്നെ അറിയുന്നില്ല. സ്വയം ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിലേ കുറച്ചെങ്കിലും ബുദ്ധിയിൽ ഇരിക്കൂ. ബാബ പറയുന്നു നല്ല-നല്ല കുട്ടികൾ, വളരെ നന്നായി ജ്ഞാനം കേൾപ്പിക്കുന്നവർ എന്നാൽ അവർക്ക് യോഗമില്ല. പൂർണ്ണമായുള്ള തിരിച്ചറിവ് ഇല്ലാത്തതുകൊണ്ട്, മനസ്സിലാക്കാത്തതുകൊണ്ട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുന്നില്ല. മുഴുവൻ ലോകത്തിലുള്ള മനുഷ്യർക്ക് രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചും ഒന്നും അറിയില്ല. അതുകൊണ്ട് യാതൊന്നും അറിയാത്തതിനു സമാനമാണ്. എന്നാൽ ഇതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ഇനി വീണ്ടും സംഭവിക്കും. അയ്യായിരം വർഷത്തിനുശേഷം വീണ്ടും എനിക്ക് വന്ന് മനസ്സിലാക്കിത്തരേണ്ടതായ ഒരു സമയം വരും. രാജ്യപദവി എന്നുള്ളത് ചെറിയ കാര്യമല്ല. വളരെയധികം പരിശ്രമമുണ്ട്. മായ വളരെയധികം യുദ്ധം ചെയ്യുന്നു, വളരെ വലിയ യുദ്ധം നടക്കുന്നു, മല്ലയുദ്ധം പോലെ. വളരെ സമർത്ഥരായവരോടാണ് മായ ബോക്സിംങ് ചെയ്യുന്നത്. അതിലും ഒന്നുരണ്ടു പേരെ അബോധാവസ്ഥയിലാക്കുന്നു. ബാബയോട് പറയുന്നു, ബാബ മായയുടെ കൊടുങ്കാറ്റ് വരുന്നു, ഇന്നതെല്ലാം സംഭവിക്കുന്നു. അതും വളരെക്കുറച്ചു പേർ മാത്രമേ സത്യം എഴുതുന്നുള്ളൂ. വളരെയധികം പേരും ഒളിച്ചു വയ്ക്കുന്നു. എങ്ങനെ എനിക്ക് ബാബയോട് സത്യം കേൾപ്പിക്കണം എന്നുള്ള വിവേകമില്ല. എന്തു ശ്രീമതം നേടണം? പറയാൻ സാധിക്കുന്നില്ല. ബാബയ്ക്ക് അറിയാം മായ വളരെയധികം ശക്തിശാലിയാണ്. സത്യം തുറന്നു പറയുന്നതിൽ വളരെയധികം ലജ്ജ

വരുന്നു, അവരിൽ നിന്നും പുറത്തുപറയാൻ പറ്റാത്ത വിധത്തിലുള്ള കർമ്മങ്ങളും സംഭവിക്കുന്നു. ബാബ വളരെ ബഹുമാനം നൽകി ഉയർത്തുന്നു. ഈ കുട്ടി നല്ലതാണ്, ഇവരെ ഓൾറൗണ്ട് സേവനത്തിനായി പറഞ്ഞയക്കാം. എന്നാൽ ദേഹ അഹങ്കാരത്തിലേക്ക് വന്ന് മായയുടെ അടി ഏറ്റു കഴിഞ്ഞാൽ വീണുപോകും. ബാബ എഴുന്നേൽപ്പിക്കുന്നതിനായി മഹിമ പാടുന്നു. പാലന നൽകി എഴുന്നേൽപ്പിക്കും. നിങ്ങൾ വളരെ നല്ലതാണ്. സ്ഥൂലമായ സേവനത്തിലും നല്ലതാണ്. എന്നാൽ യഥാർത്ഥത്തിൽ പറയുകയാണെങ്കിൽ ലക്ഷ്യം വളരെ ഉയർന്നതാണ്. ദേഹം, ദേഹ സംബന്ധം എന്നിവ ഉപേക്ഷിച്ച് സ്വയത്തെ അശരീരി ആത്മാവാണെന്ന് മനസ്സിലാക്കുക എന്ന പുരുഷാർത്ഥം ബുദ്ധിയുടെ ജോലിയാണ്. എല്ലാവരും പുരുഷാർത്ഥികളാണ്. എത്ര വലിയ രാജധാനിയാണ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്? എല്ലാവരും ബാബയുടെ മക്കളാണ്, വിദ്യാർത്ഥികളാണ്, അനുയായികളുമാണ്. ബാബ മുഴുവൻ ലോകത്തിന്റേയും പിതാവാണ്. ആ ഒരു പിതാവിനെയാണ് എല്ലാവരും വിളിക്കുന്നത്. ബാബ വന്ന് കുട്ടികൾക്ക് എല്ലാം മനസ്സിലാക്കിത്തരുന്നു. എങ്കിലും കുട്ടികൾക്ക് അത്രയും ആദരവില്ല. വലിയ വലിയ ആളുകൾ വരുമ്പോൾ എത്ര ബഹുമാനത്തോടെയാണ് അവരെ സംരക്ഷിക്കുന്നത്. എത്ര ആർഭാഢത്തോടെ ആയിരിക്കും അവരെ വരവേൽക്കുന്നത് . ഈ സമയം എല്ലാവരും പതിതരാണ്. എന്നാൽ അവനവനെ പതിതരാണെന്ന് ആരും മനസ്സിലാക്കുന്നില്ല. മായ തീർത്തും തുച്ഛബുദ്ധിയാക്കി മാറ്റുന്നു. സത്യയുഗത്തിന്റെ ആയുസ്സിനെത്തന്നെ ഇത്ര നീട്ടിക്കാണിച്ചിരിക്കുന്നു, നൂറുശതമാനവും വിവേക ശൂന്യർ ആയതുകൊണ്ടല്ലേ. മനുഷ്യരായി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തുകൊണ്ടിരികുന്നത്. കേവലം 5000 വർഷത്തിന്റെ കാര്യത്തെ ലക്ഷം വർഷങ്ങളെന്ന് പറഞ്ഞു. ഇതും ബാബയാണ് മനസ്സിലാക്കിത്തരുന്നത്. 5000 വർഷങ്ങൾക്കു മുമ്പ് ലക്ഷ്മീ–നാരായണന്റെ രാജധാനി ഉണ്ടായിരുന്നു. അവർ ദൈവീകഗുണങ്ങളുള്ള മനുഷ്യർ ആയിരുന്നു. അതുകൊണ്ട് അവരെ ദേവത എന്നു പറയുന്നു, ആസുരീയ അവഗുണങ്ങൾ ഉള്ളവരെ അസുരൻ എന്നും പറയുന്നു. അസുരനിലും ദേവനിലും രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. എത്ര ഭയാനകമായ യുദ്ധമാണ് വരാൻ പോകുന്നത്. അതിനുള്ള എല്ലാ തയ്യാറെടുപ്പുകളും നടക്കുന്നുണ്ട്. മുഴുവൻ ലോകവും ഈ യജ്ഞത്തിൽ സ്വാഹ ആയിത്തീരും. അതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ ആവശ്യമല്ലേ. ബോംബുകൾ ഉണ്ടാക്കി പിന്നീട് നശിപ്പിച്ച് കളയുന്നില്ലല്ലോ, അത് ഉപയോഗിക്കുക തന്നെ ചെയ്യും. കുറച്ചു സമയത്തിനുള്ളിൽ എല്ലാവർക്കും ധാരാളം ബോംബുകൾ ഉണ്ടാകും കാരണം വിനാശം പെട്ടെന്നുതന്നെ ഉണ്ടാകണം. ആ സമയത്ത് ആശുപത്രികളൊന്നും തന്നെ ഉണ്ടാവില്ല. ആർക്കും അറിയുക പോലുമില്ല. ഇതൊന്നും അത്ര എളുപ്പമുള്ള കാര്യമല്ല. വിനാശത്തിന്റെ സാക്ഷാത്കാരം ചെറിയ കാര്യമല്ല. മുഴുവൻ ലോകവും അഗ്നിക്ക് ഇരയാകുന്നത് കാണാൻ സാധിക്കുമോ. ചുറ്റുപാടും അഗ്നി ബാധിച്ചതായി സാക്ഷാത്കാരം ലഭിക്കും. മുഴുവൻ ലോകവും നശിക്കുന്നു. എത്ര വലിയ ലോകമാണ്. ആകാശം കത്തിനശിക്കുകയില്ല. ബാക്കി ഇതിനുള്ളിൽ എന്തെല്ലാം ഉണ്ടോ സർവ്വതും നശിക്കും. സത്യയുഗവും കലിയുഗവും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. എത്ര ധാരാളം മനുഷ്യരാണ് , മൃഗങ്ങളാണ് എത്ര സാമഗ്രികളാണ്? ഇതും കുട്ടികളുടെ ബുദ്ധിയിൽ ഇരിക്കാൻ ബുദ്ധിമുട്ടാണ്. 5000 വർഷത്തിന്റെ കാര്യമാണ് എന്നുള്ളത് ചിന്തിക്കണം. ദേവീദേവതകളുടെ രാജ്യം ഉണ്ടായിരുന്നില്ലേ. ആ സമയത്ത് എത്ര കുറച്ച് മനുഷ്യരായിരുന്നു. ഇപ്പോൾ മനുഷ്യരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. ഇത് കലിയുഗമാണ് തീർച്ചയായും ഇതിന്റെ വിനാശം സംഭവിക്കണം.

ഇപ്പോൾ ബാബ ആത്മാക്കളോട് പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. അതും വിവേകത്തോടെ ഓർമ്മിക്കണം. വെറുതെ ശിവ–ശിവ എന്നു പറയേണ്ട ആവശ്യമില്ല. ചെറിയ കുട്ടികൾക്കും വിവേകമില്ലാതെ പറഞ്ഞുകൊണ്ടിരിക്കാൻ സാധിക്കും. ബാബ ബിന്ദുസ്വരൂപനാണ് എന്ന് അനുഭവത്തോടെയല്ല പറയുന്നത്. നമ്മളും ചെറിയ ബിന്ദുസ്വരൂപമായ ആത്മാക്കളാണ്. വിവേകത്തോടെ ഓർമ്മിക്കണം. ആദ്യം ഞാൻ ആത്മാവാണെന്നത് ഉറപ്പിക്കണം. പിന്നീട് ബാബയുടെ പരിചയം ബുദ്ധിയിൽ ധാരണ ചെയ്യൂ. അന്തർമുഖികളായ കുട്ടികൾക്കേ നല്ല രീതിയിൽ മനസ്സിലാക്കാൻ സാധിക്കൂ. നമ്മൾ ആത്മാക്കൾ ബിന്ദുസ്വരൂപരാണ്. നമ്മൾ ആത്മാക്കൾക്ക് ഇപ്പോൾ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുകയാണ്, എങ്ങനെ നമ്മളിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്, എങ്ങനെ ആത്മാവിന് സതോപ്രധാനമായിത്തീരാൻ സാധിക്കും. ഇതെല്ലാം വളരെ അന്തർമുഖിയായി മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. സമയം എടുക്കും. ഇത് നമ്മുടെ അന്തിമജന്മമാണെന്ന് കുട്ടികൾക്ക് അറിയാം. ഇപ്പോൾ നമുക്ക് വീട്ടിലേക്ക് പോകണം. ഈ കാര്യം ബുദ്ധിയിൽ പക്ക ആയിരിക്കണം. ഞാൻ ആത്മാവാണ്. ശരീരഭാരം ഇല്ലാതാക്കണം. അപ്പോഴേ സംസാരശൈലി നല്ലാതാകൂ. ഇല്ലെങ്കിൽ പെരുമാറ്റം തീർത്തും മോശമായിത്തീരും. കാരണം ശരീരത്തിൽ നിന്നും വേറിടാനുള്ള അഭ്യാസം ഇല്ലല്ലോ. ദേഹഭിമാനത്തിലേക്ക് വന്ന് എന്തെങ്കിലുമൊക്കെ സംസാരിക്കും. ഈ യജ്ഞത്തോട് വളരെയധികം സത്യസന്ധത ആവശ്യമാണ്. പക്ഷെ ഇപ്പോൾ എല്ലാവരും വളരെ അലസരാണ്. കഴിക്കുന്നത്, കുടിക്കുന്നത്, വാതാവരണം ഒന്നും തന്നെ ഉദ്ധരിച്ചിട്ടില്ല. ഇനിയും സമയം ആവശ്യമാണ്. സേവാധാരികുട്ടികളെ മാത്രമേ ബാബ ഓർമ്മിക്കൂ, പദവിയും അവരാണ് നേടുന്നത്. വെറുതെ

സ്വയത്തെ സന്തുഷ്ടമാക്കരുത്. ഇതിൽ വളരെയധികം അന്തർമുഖത ആവശ്യമാണ്. മനസ്സിലാക്കിക്കൊടുക്കാനും യുക്തി വേണം. ചിത്രപ്രദർശിനിയിൽ വരുന്നവർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. താങ്കളുടെ കാര്യം നല്ലതാണെന്ന് മാത്രം പറഞ്ഞു പോകുന്നു. ഇവിടെയും സംഖ്യാക്രമമാണ്. നമ്മൾ ബാബയുടെ കുട്ടികളാണ്, ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്താണ് ലഭിക്കുന്നത് എന്ന നിശ്ചയം ഉണ്ട്. എനിക്ക് ബാബയുടെ സേവനം പൂർണ്ണമായും ചെയ്യണം, ഇതു തന്നെയാണ് നിങ്ങളുടെ കർത്തവ്യം. മുഴുവൻ ദിവസവും വിചാരസാഗരമഥനം നടന്നുകൊണ്ടിരിക്കണം. ബ്രഹ്മാബാബയും വിചാരസാഗര മഥനം ചെയ്തിട്ടുണ്ടായിരിക്കില്ലേ. ഇല്ലെങ്കിൽ ഈ പദവി എങ്ങനെ നേടും! ബാബയും ദാദയും ഒരുമിച്ച് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. രണ്ട് എഞ്ചിനാണ് ലഭിച്ചിരിക്കുന്നത് കാരണം വളരെ ഉയരത്തിൽ കയറണമല്ലോ. പർവ്വതത്തിൽ കയറുന്ന വാഹനത്തിന് രണ്ട് എഞ്ചിൻ വയ്ക്കാറുണ്ട്. മുന്നോട്ടു പോകവേ ഇടയ്ക്ക് വാഹനം നിന്നാൽ വഴുതി താഴേക്ക് വരുന്നു. എന്റെ കുട്ടികളും ഇങ്ങനെയാണ്. കയറി-കയറി പരിശ്രമം ചെയ്ത്-ചെയ്ത് പിന്നീട് കയറാൻ സാധിക്കുന്നില്ല. മായയുടെ ഗ്രഹണം അഥവാ കൊടുങ്കാറ്റ് ഏറ്റാൽ ഒറ്റയടിക്ക് താഴേക്ക് വീണ് തവിടുപൊടിയാകുന്നു. അൽപം സേവനം ചെയ്യുമ്പോഴേക്കും അഹങ്കാരം വരുന്നു, വീണുപോകുന്നു, ബാബയാണ് ഒപ്പം ധർമ്മരാജനും ഉണ്ടെന്ന് മനസ്സിലാക്കുന്നില്ല. അഥവാ എന്തെങ്കിലും തലകീഴായത് ചെയ്യുകയാണെങ്കിൽ വളരെ വലിയ ശിക്ഷ ലഭിക്കുന്നു. ഇതിലും നല്ലത് പുറമേപ്പോയി ജീവിക്കുകയാണ്. ബാബയുടേതായി സമ്പത്ത് നേടുക എന്നുള്ളത് ചിറ്റമ്മയുടെ വീട്ടിൽ പോകലല്ല. ബാബയുടേതായി മാറി എന്തെങ്കിലും പാപം ചെയ്യുകയാണെങ്കിൽ പേര് മോശമാകും. വളരെയധികം മുറിവേൽക്കുന്നു. അവകാശിയായി മാറുക എന്നുള്ളത് ചിറ്റമ്മയുടെ വീട്ടിലേക്ക് പോകലല്ല. പ്രജയിലും ചിലർ ഇത്രയും ധനവാനായി മാറുന്നു, കാര്യമേ പറയണ്ട. അജ്ഞാനകാലത്തിലും ചിലർ നല്ലവരായിരിക്കും, മറ്റു ചിലർ പലതുമായിരിക്കും. യോഗ്യത ഇല്ലാത്ത കുട്ടിയോട്, എന്റെ മുന്നിൽ പോലും വന്ന് നിൽക്കരുതെന്ന് പറയും. ഇവിടെ ഒന്നോ രണ്ടോ കുട്ടികളുടെ കാര്യമല്ല. മായ വളരെ ശക്തിശാലിയാണ്. ഇതിൽ കുട്ടികൾക്ക് വളരെ അന്തർമുഖിയായിരിക്കണം. എങ്കിലേ മറ്റുള്ളവർക്ക് മനസിലാക്കിക്കൊടുക്കാൻ സാധിക്കൂ. ചിലർ നിങ്ങൾ പറയുന്നത് കേൾക്കുമ്പോൾ സമർപ്പണമനോഭാവത്തോടെ ഈ ജ്ഞാനം അംഗീകരിക്കും, അവസാനം പശ്ചാത്തപിക്കുന്നു, ഇങ്ങനെയൊരു അച്ഛനെയാണ് ഒരുപാട് ആധിക്ഷേപിച്ചത്. സർവ്വവ്യാപി എന്നു പറയുക അഥവാ അവനവനെ ഈശ്വരൻ എന്നു പറയുന്നവർക്ക് ശിക്ഷ ഒട്ടും കുറവല്ല. വെറുതെ ആർക്കും മുകളിലേക്ക് പോകാൻ സാധിക്കില്ല. അവർക്കാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരിക. സമയമാകുമ്പോൾ ബാബ ഇവരിൽ നിന്നെല്ലാം കണക്കെടുക്കും. കണക്കെടുപ്പിന്റെ സമയത്ത് എല്ലാവരുടെയും കർമ്മത്തിന്റെ കണക്കുകൾ തീരുമല്ലോ, ഇതിൽ വളരെയധികം വിശാല ബുദ്ധി ആവശ്യമാണ്.

മനുഷ്യരാണെങ്കിൽ ആർക്കെല്ലാമാണ് ശാന്തിയുടെ സമ്മാനം നൽകിക്കൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ ശാന്തി ഒരാൾക്കേ സ്ഥാപിക്കാൻ സാധിക്കൂ. കുട്ടികൾക്ക് എഴുതണം- ലോകത്തിൽ പവിത്രത, ശാന്തി, സമൃദ്ധി ഭഗവാന്റെ ശ്രീമതം അനുസരിച്ച് സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. ശ്രീമതം പ്രസിദ്ധമാണ്. ശ്രീമദ് ഭഗവദ്ഗീതാ ശാസ്ത്രത്തിന് എത്ര ബഹുമാനമാണ് നൽകുന്നത്. ആരെങ്കിലും മറ്റുള്ളവരുടെ ശാസ്ത്രത്തെ അഥവാ ക്ഷേത്രത്തെ എന്തെങ്കിലും ചെയ്യുകയാണെങ്കിൽ അവർ കലഹിക്കുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം ഈ മുഴുവൻ പഴയ ലോകവും കത്തിക്കരിഞ്ഞ് ഭസ്മമാവാൻ പോവുകയാണ്. ഈ ക്ഷേത്രങ്ങളും മസ്ജിദുകളും എല്ലാം ഭസ്മമാക്കിക്കൊണ്ടിരിക്കും. ഇതെല്ലാം സംഭവിക്കുന്നതിനു മുമ്പായി പവിത്രമാകണം. ഈയൊരു ലഹരി വരണം. ഗൃഹസ്ഥവും ശ്രദ്ധിക്കണം. ഇവിടേക്ക് ധാരാളം പേർ വരുന്നുണ്ട്. ഇവിടെ ആടുകളേപ്പോലെയാക്കി മാറ്റരുത്, എന്തുകൊണ്ടെന്നാൽ ഇത് അമൂല്യ ജീവിതമല്ലേ. ഇവിടെ വളരെയധികം സംരക്ഷിക്കണം. കുട്ടികളെയെല്ലാം കൊണ്ടുവരുന്നത് അവസാനിപ്പിക്കേണ്ടിവരും. ഇത്രയും ചെറിയ കുട്ടികളെ എവിടെ ഇരുത്തി സംരക്ഷിക്കാനാണ്. കുട്ടികൾക്ക് അവധി ലഭിച്ചാൽ ഇനി എവിടേക്ക് പോകാം എന്ന് ചിന്തിക്കുന്നു, ശരി ഇത്തവണ മധുബനിൽ ബാബയുടെ അടുത്തേക്ക് പോകാം. അങ്ങനെയാണെങ്കിൽ ഇതൊരു സത്രമായിത്തീരും. പിന്നീട് എങ്ങനെ സർവ്വകലാശായാകുമോ! ബാബ പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്, പിന്നീട് ആജ്ഞ നൽകും - കുട്ടികളെ ആരും കൊണ്ടുവരരുത്. ഈ ബന്ധനവും കുറയും. മാതാക്കളിൽ ദയ തോന്നുന്നു. കുട്ടികൾക്കറിയാം ശിവബാബ ഗുപ്തമാണ്. ഇദ്ദേഹത്തോട് പലർക്കും ആദരവില്ല. ഞങ്ങൾക്ക് ശിവബാബയുമായാണ് കണക്ഷൻ എന്നു ചിന്തിക്കുന്നു. ശിവബാബ പോലും ഈ ശരീരത്തിലൂടെയാണ് മനസ്സിലാക്കിത്തരുന്നത് - ഇത്ര പോലും മനസ്സിലാക്കുന്നില്ല. മായ മൂക്കിന് പിടിച്ച് തലകീഴായ കർമ്മങ്ങൾ ചെയ്യിപ്പിക്കുന്നു. ആരെയും വെറുതെ വിടുന്നില്ല. രാജധാനിയിൽ എല്ലാവരും ആവശ്യമാണല്ലോ. അവസാനം എല്ലാത്തിന്റേയും സാക്ഷാത്കാരം ഉണ്ടാകും. ശിക്ഷകളുടെയും സാക്ഷാത്കാരം ഉണ്ടാകും. കുട്ടികൾക്ക് ആദ്യം തന്നെ സാക്ഷാത്കാരം ലഭിച്ചിട്ടുണ്ട്.

എങ്കിലും പാപം ചെയ്യുന്നത് ഉപേക്ഷിക്കുന്നില്ല. ചില കുട്ടികൾ പ്രതിജ്ഞ എടുത്തതു പോലെയാണ് ഞങ്ങൾക്ക് തേർഡ് ക്ലാസ്സായി തന്നെ തീർന്നാൽ മതി, അതുകൊണ്ട് ഞങ്ങൾ പാപം ചെയ്യുന്നതും ഉപേക്ഷിക്കില്ല. കുറച്ചു കൂടി നല്ല രീതിയിൽ തനിക്കുള്ള ശിക്ഷകൾ തയ്യാറാക്കുകയാണ്. മനസ്സിലാക്കിത്തരേണ്ടതായില്ലേ. ഒരിക്കലും ഇങ്ങനെ ഒരു പ്രതിജ്ഞ എടുക്കരുത് – ഞങ്ങൾക്ക് തേർഡ് ക്ലാസ്സ് ആയാൽ മതി. ഞങ്ങൾക്ക് ഇപ്പോൾ ലക്ഷ്മീനാരായണൻ ആയിത്തീരണം എന്ന പ്രതിജ്ഞ എടുക്കൂ. ചിലരാണെങ്കിൽ നല്ല രീതിയിൽ പ്രതിജ്ഞ എടുക്കുന്നു, ചാർട്ട് എഴുതുന്നു – ഇന്നത്തെ ദിവസം ഞാൻ ഒന്നും തന്നെ ചെയ്തില്ലല്ലോ! ഇങ്ങനെ ഒരുപാടു പേർ ചാർട്ട് വച്ചിരുന്നു, അവർ ഇന്നില്ല. മായ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. അരക്കൽപ്പം ഞാൻ സുഖം നൽകുന്നു, അരക്കൽപ്പം പിന്നീട് മായ ദുഃഖം നൽകുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) അന്തർമുഖിയായി ശരീര ബോധത്തിൽ നിന്നും ഉപരിയായി ഇരിക്കാനുള്ള അഭ്യാസം ചെയ്യണം. കഴിക്കുന്നതും കുടിക്കുന്നതും പെരുമാറ്റവും എല്ലാം നല്ലതാക്കണം. കേവലം അവനവനെ സന്തുഷ്ടമാക്കി അലസരാകരുത്.

2) കയറ്റം വളരെ ഉയരത്തിലുള്ളതാണ്, അതുകൊണ്ട് വളരെയധികം ശ്രദ്ധയോടെ ഇരിക്കണം. ഏതൊരു കർമ്മം ചെയ്യുകയാണെങ്കിലും വളരെ സൂക്ഷിച്ച് ചെയ്യണം. അഹങ്കാരത്തിലേക്ക് വരരുത്. തലകീഴായ കർമ്മങ്ങൾ ചെയ്ത് അവനവനുള്ള ശിക്ഷകളെ തയ്യാറാക്കരുത്. നമുക്ക് ഈ ലക്ഷ്മീനാരായണനേപ്പോലെ ആയി മാറണം എന്ന പ്രതിജ്ഞ എടുക്കൂ.

## വരദാനം : ആത്മീയതയാകുന്ന ശ്രേഷ്ഠ സ്ഥിതിയിലൂടെ അന്തരീക്ഷത്തെ ആത്മീയമാക്കി മാറ്റുന്നവരായി ഭവിക്കൂ.

ആത്മീയതയാകുന്ന സ്ഥിതിയിലൂടെ തന്റെ സേവാകേന്ദ്രത്തെ ആത്മീയ അന്തരീക്ഷമുള്ളതാക്കി മാറ്റു ഇതിലൂടെ തന്റെയും വരുന്ന ആത്മാക്കളുടെയും സഹജമായ ഉന്നതി ഉണ്ടാക്കാൻ സാധിക്കും. കാരണം ആര് വരുന്നൊ അവർ ബാഹ്യമായ അന്തരീക്ഷത്തിൽ തളർന്നു പോയവരാണ് അവർക്ക് എക്സ്ട്രാ സഹയോഗത്തിന്റെ ആവശ്യമുണ്ട്. അതുകൊണ്ട് അവർക്ക് ആത്മീയ അന്തരീക്ഷത്തിന്റെ സഹയോഗം കൊടുക്കു. സഹജപുരുഷാർത്ഥിയായി മാറു, മാറ്റു. വരുന്ന ഓരോ ആത്മാക്കളും അനുഭവം ചെയ്യണം ഈ സ്ഥാനം സഹജമായി തന്നെ ഉയർച്ച പ്രാപ്തമാക്കാനുള്ളതാണ്.

## സ്ലോഗൻ : വരദാനിയായി മാറി ശുഭ ഭാവനയുടെയും ശുഭകാമനയുടെയും വരദാനം കൊടുത്തു കൊണ്ടിരിക്കൂ.

**അവ്യക്ത സൂചന കമ്പൈൻഡ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയികളായി മാറൂ.**
ബാബ കമ്പൈൻഡാണ് അതുകൊണ്ട് ഉത്സാഹത്തോടെ ഉന്മേഷത്തോടെ മുന്നോട്ട് പോകു. ദുർബലത, നിരാശ ഇവയെല്ലാം ബാബയ്ക്ക് അർപ്പിക്കു, തന്റെ കൈവശം വെക്കരുത്. ഉത്സാഹവും ഉന്മേഷവും തന്റെ കൈവശം വെക്കു. സദാ ഉത്സാഹത്തിലും ഉന്മേഷത്തിലും നൃത്തം ചെയ്യു, പാടിക്കൊണ്ടിരിക്കു, ബ്രഹ്മാഭോജനം കഴിക്കൂ.